DESPATCHED
On.. 05/06/2020

28/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 2713(1)/2019/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.20991/SIC-Gen4/2019**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

അഡ്വ: എം.പി. പ്രേംകുമാർ,
മീത്തലെ പുതിയേടത്ത് ഹൗസ്
പി.ഒ. പേരാമ്പ്ര, കോഴിക്കോട് – 673 525. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഓഫീസ് ഇൻസ്പെക്ടർ,
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്,
വടകര, കോഴിക്കോട്.

2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ),
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്,
വടകര, കോഴിക്കോട്.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 25.9.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.10.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 1.11.2019 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 26.11.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.12.2019 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 20.12.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 28.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 27.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി. |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ അഡ്വക്കേറ്റ് എം.പി. പ്രേംകുമാർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ രണ്ടാം ഇനം ഒഴികെയുള്ളത് സംബന്ധിച്ച യാതൊരു മറുപടിയും നാളിതുവരെ ലഭിച്ചില്ലെന്നും ആയത് മന:പൂർവ്വമാണെന്നും മേൽപ്പടി ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷികളുടെ അധികാര പരിധിയിൽ വരുന്നതാണെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. ചോമ്പാൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 2019 ജൂലൈ 1 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്ര എന്നും അവരുടെ ദിവസ വേതനം എത്ര എന്നും ജോലി ചെയ്യുന്നവരുടെ പേരും വിലാസവും നൽകണമെന്നും

ii. സഹകരണ നിയമം അനുസരിച്ച് സഹകരണ ബാങ്കുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ ബാങ്ക് ഭരണ സമിതിക്ക് അധികാരം ഉണ്ടോ എന്നും ഭരണ സമിതിക്ക് അധികാരം ഇല്ലെങ്കിൽ ദിവസ വേതനമായി നൽകിയ തുക ഭരണ സമിതി അംഗങ്ങളിൽ നിന്നും തിരിച്ച് പിടിക്കുമോ എന്നും

iii. മേൽപ്പടി ബാങ്കിൽ വോട്ടാവകാശമുള്ള അംഗങ്ങളെ 1.7.2019 മുതൽ അംഗത്വത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അവരുടെ പേരും വിലാസവും നൽകണമെന്നും അപ്രകാരം അംഗത്വം ഒഴിവാക്കപ്പെട്ട വ്യക്തിക്ക് ബാങ്കിൽ വോട്ടാവകാശം നൽകിയ തീയതിയും ഒഴിവാക്കപ്പെട്ട തീയതിയും ഏതൊക്കെയാണെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 3, 4, 5, 6, 7 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ചോമ്പാൽ സർവ്വീസ് സഹകരണ ബാങ്ക് സംബന്ധിച്ചുള്ളതാണെന്നും ആയത് പട്ടിക രൂപത്തിൽ എതിർകക്ഷി ഓഫീസിൽ സൂക്ഷിച്ചു വരുന്നില്ല എന്നും മേൽപ്പടി വിവരങ്ങൾക്ക് ബാങ്കിനെ സമീപിക്കാവുന്നതാണെന്നും സഹകരണ നിയമപ്രകാരം ദിവസ

വേതാനാടിസ്ഥാനത്തിൽ നിയമനത്തിന് വ്യവസ്ഥയില്ലെന്നും സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശത്തിന് വിധേയമായി തിരിച്ചു പിടിക്കുന്നതാണെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിൽ 34–ാം ദിവസമാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയത് എന്നും മേൽപ്പടി മറുപടി കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാറുടെ സർക്കുലർ നമ്പർ 7/2006 ന്റെ നിഷേധം ആണെന്നും സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം സഹകരണ വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ടതാണെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ രണ്ടാം ഇനം ഒഴികെയുള്ളവ സംബന്ധിച്ച വിവരങ്ങൾ മേൽപ്പടി ബാങ്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ആണെന്നും ആയത് എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലെന്നും ആയതിനാൽ ഒന്നാം എതിർകക്ഷിയുടെ നടപടി ശരിയാണെന്നും ഹർജിക്കാരന്റെ അപേക്ഷയിന്മേൽ സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു എന്നും മറ്റുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നിർബന്ധമായും പരാമർശിത സംഘം സൂക്ഷിക്കേണ്ടതും സഹകരണ വകുപ്പിന് ലഭ്യമാക്കേണ്ടതുമാണെന്നും സഹകരണ നിയമം വകുപ്പ് 63, 65, 66, 66എ എന്നിവ പ്രകാരം സഹകരണ സംഘങ്ങളുടെ നിയന്ത്രണവും മേൽനോട്ടവും സഹകരണ വകുപ്പിന് ആണെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സഹകരണ സംഘത്തിൽ നിന്നും ശേഖരിച്ച് നൽകാനുള്ള ഉത്തരവാദിത്വം എതിർകക്ഷി ഓഫീസിനുണ്ടെന്നും മറ്റുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരം ഒന്നാം എതിർകക്ഷി ഹർജിക്കാരന് നർകിയിരുന്നു എന്നും മറ്റു വിവരങ്ങൾ ചോമ്പാൽ സർവ്വീസ് സഹകരണ ബാങ്കിൽ മാത്രം ലഭ്യമായ വിവരങ്ങൾ ആണെന്നും സഹകരണ സംഘത്തിലെ നിയമന കാര്യത്തിൽ സഹകരണ വകുപ്പിന് പ്രത്യേകിച്ച് പങ്കൊന്നും ഇല്ലെന്നും ഒരു സഹകരണ സംഘത്തിന്റെ തീരുമാനം എടുക്കാനുള്ള അന്തിമ അധികാരം മേൽപ്പടി സംഘ അംഗങ്ങളുടെ പൊതു യോഗത്തിനാണെന്നും സഹകരണ സംഘങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നു ബഹു: സുപ്രീം കോടതി തലപ്പാലം കോ–ഓപ്പറേറ്റീവ് ബാങ്ക് കേസ്സിൽ വ്യക്തമാക്കിയിട്ടുള്ളതാണെന്നും

ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെയുള്ള അപ്പീലിൽ സൂചിപ്പിച്ചിട്ടുള്ള ശ്രീ.ചന്ദ്രന്റെ പരാതിയിൽ അന്വേഷണം നടന്നു വരികയാണെന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ നൽകിയ മറുപടി നിയമാനുസൃതമായിരുന്നു എന്നു കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ 2–ാം ഇനം ഒഴികെയുള്ള വിവരങ്ങൾ ബന്ധപ്പെട്ട സഹകരണ സംഘത്തിൽ മാത്രം ലഭ്യമായിട്ടുള്ള ഒന്നാകയാൽ എതിർകക്ഷികൾ ഹർജിക്കാരന് നൽകിയിട്ടുള്ള മറുപടികളിൽ കമ്മീഷൻ അപാകത ഒന്നും കാണുന്നില്ല. സഹകരണ സംഘങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഹകരണ രജിസ്ട്രാർ സ്ഥാപനങ്ങൾ മുഖേന വിവരാവകാശ നിയമ പ്രകാരം തേടിയാൽ രജിസ്ട്രാർ സ്ഥാപനങ്ങളുടെ സാധാരണയായുള്ള പ്രവർത്തനത്തെ അത് വളരെയധികം ദോഷകരമായി ബാധിക്കുമെന്ന് കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ ഏതെങ്കിലും സഹകരണ സംഘത്തെ കുറിച്ച് കാര്യമാത്ര പ്രസക്തമായ പരാതിയുണ്ടെങ്കിൽ ആയത് അന്വേഷിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ട ഉത്തരവാദിത്വം സഹകരണ രജിസ്ട്രാർ സ്ഥാപനങ്ങൾക്കുണ്ട്. ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള ശ്രീ. ചന്ദ്രൻ എന്നയാൾ സമർപ്പിച്ച പരാതിയിൽ ഉന്നയിച്ചിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് അന്വേഷണം നടക്കുന്നതിനാൽ ആയത് സംബന്ധിച്ച വിവരങ്ങൾ ഹർജിക്കാരന് വിവരാവകാശ നിയമപ്രകാരം എതിർകക്ഷി സ്ഥാപനത്തിൽ നിന്നും തേടാവുന്നതാണ്.

6. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 28–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൺ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

bnk